RCS/10621/2024-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 24-10-2025

**38/2025 നമ്പർ സർക്കുലർ**

വിഷയം :- സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കുള്ള ഭക്ഷണ ചെലവ് - നിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- സഹകരണ സംഘം രജിസ്ട്രാറുടെ 05-06-2015 ലെ 27(A)/2015 സർക്കുലർ

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഒരംഗത്തിന് പരമാവധി ₹ 100 എന്ന നിരക്കിലും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഒരംഗത്തിന് പരമാവധി ₹60 എന്ന നിരക്കിലും ചെലവു ചെയ്യുന്നതിന് സൂചനയിലെ സർക്കുലർ പ്രകാരം അനുവാദം നൽകിയിരുന്നു.

ടി നിരക്കുകൾ അപര്യാപ്തമാണെന്നും പൊതുവിപണിയിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനവ് കണക്കിലെടുത്തും കാലാനുസൃതമായി പരിഷ്കരിക്കണമെന്ന സഹകാരികളുടെ ആവശ്യം അംഗീകരിച്ചുകൊണ്ടും സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ചെലവഴിക്കാവുന്ന തുകയെ സംബന്ധിച്ചുള്ള സൂചനയിലെ സർക്കുലർ നിർദ്ദേശം ചുവടെ ചേർക്കും പ്രകാരം പരിഷ്കരിക്കുന്നു.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, അവരുടെ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി ₹150 എന്ന നിരക്കിലും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഈയിനത്തിൽ ഒരംഗത്തിന് പരമാവധി ₹100 എന്ന നിരക്കിലും ചെലവു ചെയ്യുന്നതിന് അനുമതി നൽകുന്നു.

ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ ടി നിർദ്ദേശം അവരുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടുന്നതാണ്.

ഒപ്പ്
ഡോ. ഡി സജിത് ബാബു ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും.
3. എല്ലാ ജില്ലാ/കേന്ദ്ര/ പ്രാഥമിക സംഘങ്ങൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന).
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
9. ഈ ആഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)